## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7985** **16.07.2014 ലെ മറുപടിയ്ക്ക്**

### കേന്ദ്ര ചിട്ടി നിയമവും കെ. എസ്. എഫ്. ഇ. യുടെ സാമ്പത്തിക നഷ്ടവും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.കെ. ബാലൻ :** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) കേന്ദ്ര ചിട്ടി നിയമം കേരളത്തിൽ നടപ്പാക്കിയപ്പോൾ കെ. എസ്. എഫ്. ഇ. ക്ക് ലഭിച്ചിരുന്ന പ്രത്യേക സംരക്ഷണവും ഇളവുകളും നഷ്ടമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻെറ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) കേന്ദ്ര ചിട്ടി നിയമം കേരളത്തിൽ നടപ്പാക്കിയപ്പോൾ കെ.എസ്.എഫ്. ഇ. ക്ക് ലഭിച്ചിരുന്ന ചില പ്രത്യേക സംരക്ഷണവും ഇളവുകളും നഷ്ടമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിക്കുകയും പരമാവധി 5 വർഷം വരെയുള്ള ചിട്ടികൾ മാത്രമേ തുടങ്ങാവൂ, ചിട്ടി ഒഴികെ മറ്റ് ബിസിനസ്സുകൾ ചെയ്യാൻ പാടില്ല, സ്ഥാപനത്തിൻെറ പേരിനൊപ്പം കുറി/ചിട്ടി എന്ന നാമകരണം വേണം, ചിട്ടി വിളിച്ചെടുത്ത ശേഷം കൈപറ്റാത്ത സംഖ്യ ബാങ്കിൽ നിക്ഷേപിക്കണം എന്നീ വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചിട്ടി സെക്യൂരിറ്റി നിക്ഷേപം 100% ട്രഷറിയിൽ സ്ഥിരനിക്ഷേപമാക്കാനുള്ള അനുമതിയും ചിട്ടി തുടങ്ങുവാൻ മുൻകൂർ അനുമതിയും നൽകിവരുന്നുണ്ട്.<br><br>ചിട്ടി സെക്യൂരിറ്റി നിക്ഷേപത്തിൻെറ പലിശ മാസം തോറും കമ്പനിക്ക് ലഭ്യമാക്കുക, ചിട്ടി തുടങ്ങുവാനുള്ള മുൻകൂർ അനുമതി സ്ഥിരമായി നൽകുക, ചിട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റ് കെ.എസ്.എഫ്.ഇ.യുടെ പേരിൽ നിക്ഷേപിച്ച് ആയത് ചിട്ടി രജിസ്ട്രാർക്ക് |

അനുകൂലമായി `ലീൻ' നോട്ട് ചെയ്യുക തുടങ്ങിയ കെ.എസ്.എഫ്.ഇ. യുടെ മറ്റ് ആവശ്യങ്ങളിൽ തീരുമാനമായിട്ടില്ല.

കൂടുതൽ ഇളവുകളും സംരക്ഷണവും നല്കുന്നതിന് സംസ്ഥാന സർക്കാരിന് റിസർവ്വ് ബാങ്കിന്റെ അനുമതി ആവശ്യമാണ്.

(ബി) പുതിയ ചിട്ടി ആക്ട് പ്രകാരം എത്ര രൂപയുടെ സെക്യൂരിറ്റി നിക്ഷേപമാണ് കെ.എസ്.എഫ്.ഇ. ട്രഷറിയിൽ നടത്തിയിട്ടുള്ളതെന്നും ആരുടെ പേരിലാണ് നിക്ഷേപമുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) കേന്ദ്ര ചിട്ടി നിയമം (ചിട്ട് ഫണ്ട് ആക്ട്, 1982) പ്രകാരം ട്രഷറിയിൽ 749 കോടി രൂപയുടെ ചിട്ടി സെക്യൂരിറ്റി നിക്ഷേപം നടത്തിയിട്ടുണ്ട്. ഈ നിക്ഷേപങ്ങൾ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിട്ട്സിൻെറ പേരിലാണ് നടത്തിയിട്ടുള്ളത്.

(സി) ഈ നിക്ഷേപത്തിന് ട്രഷറി പലിശ ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് പ്രതിമാസം കെ.എസ്. എഫ്.ഇ.ക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് നിക്ഷേപത്തിന് പലിശ ലഭിക്കാത്തത്;

(ഇ) പുതിയ ചിട്ടി ആക്ട് പ്രകാരം ചിട്ടി നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ സെക്യൂരിറ്റി നിക്ഷേപത്തിന് പലിശ ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കെ.എസ്.എഫ്.ഇ.ക്ക് ഇത് നിഷേധിക്കുന്നത് എന്ത്കൊണ്ടാണെന്ന് വിശദീകരിക്കുമോ;

(സി), (ഡി) & (ഇ) കേന്ദ്ര ചിട്ടി നിയമം അനുസരിച്ച് ചിട്ടി സെക്യൂരിറ്റി നിക്ഷേപങ്ങൾ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിട്ട്സ്-ന്റെ പേരിലാണ് നടത്തേണ്ടത്. ഇപ്രകാരം നടത്തുന്ന ചിട്ടി സെക്യൂരിറ്റി നിക്ഷേപങ്ങൾ പലിശസഹിതം ചിട്ടിവട്ടമെത്തുമ്പോൾ മാത്രമേ പിൻവലിക്കാനാവൂ. അതിനാൽ ഇത്തരം നിക്ഷേപത്തിന്മേലുള്ള പ്രതിമാസ പലിശ പിൻവലിക്കാനാവില്ല. കേന്ദ്ര ചിട്ടിനിയമം കെ.എസ്.എഫ്.ഇ.യ്ക്കും സ്വകാര്യ ചിട്ടി സ്ഥാപനങ്ങൾക്കും ഒരുപോലെ ബാധകമാണ്.

| | | | |
|---|---|---|---|
| (എഫ്) | പുതിയ ചിട്ടി ആക്ട് വരുന്നതിന് മുൻപ് സെക്യൂരിറ്റി നിക്ഷേപം ആരുടെ പേരിലാണ് കെ.എസ്.എഫ്.ഇ. നിക്ഷേപിച്ചിരിക്കുന്നത്; എത്ര രൂപയാണ് പ്രതിമാസം പലിശയായി ലഭിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ; | (എഫ്) | പുതിയ ചിട്ടി ആക്ട് വരുന്നതിന് മുൻപ് ചിട്ടി സെക്യൂരിറ്റി നിക്ഷേപം കെ.എസ്.എഫ്.ഇ.യുടെ പേരിൽ നിക്ഷേപിച്ച് അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിൽ ബാധ്യത (ലീൻ) രേഖപ്പെടുത്തുകയാണ് ചെയ്തിരുന്നത്. 2011-12 സാമ്പത്തിക വർഷം പുതിയ ചിട്ടി ആക്ട് വരുന്നതിന്മുമ്പുള്ള ചിട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റിന് കമ്പനിക്കു ലഭിച്ച പലിശ 75.37 കോടി രൂപയാണ്. (പ്രതിമാസ പലിശ ശരാശരി 6.28 കോടി രൂപ) |
| (ജി) | പുതിയ ചിട്ടി നിയമം കെ.എസ്.എഫ്. ഇ.ക്ക് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാം ശങ്ങൾ നൽകുമോ; ഇത് പരിഹരി ക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ജി) | പുതിയ ചിട്ടി നിയമം കെ.എസ്.എഫ്.ഇ.ക്ക് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.